# പ്രബോധകരും മനഃശാന്തിയും

**എം. എം. അക്ബർ**

അല്ലാഹുവിൻെറ മാർഗദർശനത്തിന് അർഹരാകുന്നവരെക്കുറിച്ച് പരാമർശിക്കവെ ഖുർആൻ പറഞ്ഞു: ''പശ്ചാത്തപിച്ച് മടങ്ങിയവരെ തൻെറ മാർഗത്തിലേക്ക് അവൻ നയിക്കുകയും ചെയ്യുന്നു. അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്കാണ് മംഗളം! മടങ്ങിച്ചെല്ലാനുള്ള നല്ല സങ്കേതവും (അവർക്കുതന്നെ)'' (വി.ഖു.13:27-29).

ശാന്തിയന്വേഷിച്ച് മനുഷ്യർ പരക്കം പാഞ്ഞുകൊണ്ടിരിക്കുകയാണിന്ന്. ആധുനിക നഗരസംസ്കാരം സംഭാവന ചെയ്ത പിരിമുറുക്കങ്ങളും മനഃസംഘർഷങ്ങളുമാണ് പുതിയ സഹസ്രാബ്ദത്തിൻെറ ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്ന മനഃശാസ്ത്രജ്ഞരുടെയും സാമൂഹ്യ ശാസ്ത്രജ്ഞരുടെയും എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. മനഃസംഘർഷങ്ങളിൽനിന്ന് മോചനം നേടാൻ കൊതിക്കുന്ന മനുഷ്യർക്കുമുമ്പിൽ ആത്മീയതയുടെ പരിവേഷവുമായി പ്രത്യക്ഷപ്പെടുന്ന ഗുരുക്കന്മാരും ആൾദൈവങ്ങളും തങ്ങളുടെ ചൂഷണങ്ങൾക്ക് ഉത്തരാധുനികതയുടെ നിറപ്പകിട്ടുകൾ നൽകി അത്യാകർഷകമാക്കിത്തീർക്കുകയും പാവം 'ഇര'കളെ വർണശബളിമയിൽ കുരുക്കിയിട്ട് അടിമകളാക്കിത്തീർക്കുകയും ചെയ്യുന്ന കാലമാണിന്ന്!. ക്ഷിപ്രസാധ്യമായ മനഃശാന്തിയുടെ ഗുളികകൾക്കുവേണ്ടി വരിയിൽനിൽക്കുന്നവരിൽ ഉന്നത ബിരുദധാരികളും ഉദ്യോഗസ്ഥ പ്രമുഖരുമുണ്ടെന്ന വസ്തുത നമ്മുടെയാരുടെയും ഞെട്ടലുകൾക്ക് നിമിത്തമാകാറില്ല. എന്നാൽ ഏകദൈവത്തിൽ വിശ്വസിക്കുകയും പരലോക ബോധമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന കുഞ്ചികസ്ഥാനികൾപോലും ഇത്തരം ക്ഷിപ്ര മനഃശാന്തിയുടെ കവാത്തുകളിക്കാരിലുണ്ടെന്ന അറിവ് ഈ രംഗത്ത് പ്രബോധകരുടെ സവിശേഷ ശ്രദ്ധ അനിവാര്യമാണെന്ന തിരിച്ചറിവുണ്ടാക്കിയേ തീരൂ!.

ജനനം മുതൽ മരണംവരെയുള്ള ഈ ലോകജീവിതം പരമാവധി ആസ്വദിച്ചുകൊണ്ട് ജീവിച്ചുതീർക്കുവാനുള്ളതാണെന്ന ബോധമാണ് ആധുനിക സംസ്കാരം ജനത്തെ പഠിപ്പിച്ച അത്യാപൽക്കരമായ ആദർശങ്ങളിലൊന്ന്. ജീവിതാസ്വാദനത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലിനെ കച്ചവടവൽകരിക്കുവാൻ കണ്ണും നട്ടിരിക്കുന്നവർ അപരൻെറ അസൂയയിലാണ് തൻെറ ജീവിത സാക്ഷാൽക്കാരമെന്ന ആശയം പരസ്യവാചകങ്ങളുടെയും നാരീശരീരങ്ങളുടെ നിമ്നോന്നതികളുടെയും അകമ്പടിയോടുകൂടി സാധാരണക്കാരുടെയും സാധാരണക്കാരല്ലെന്ന് ജനം കരുതുന്നവരുടെയും സ്വീകരണമുറിയിൽവെച്ച് പച്ചയായി അവതരിപ്പിക്കപ്പെടുമ്പോൾ ആ നീർച്ചാലിൻെറ ഒഴുക്കിൽ എല്ലാവരും പെട്ടുപോകുന്നു. പിന്നെ വാങ്ങിക്കൂട്ടുവാനുള്ള ത്വരയാണ്. ഉപഭോഗ സംസ്കാരമെന്ന ഓമനപ്പേരിൽ നാം വിളിക്കുന്നത് ഈ ത്വരയെയാണ്. അഹങ്കാരം, അസൂയ, അത്യാഗ്രഹം തുടങ്ങിയ ദുർഗുണങ്ങളെയെല്ലാം വളർത്തുന്ന പൈശാചിക ത്വരയാണിത്. അസൂയക്കാരനോ അത്യാഗ്രഹിക്കോ അഹങ്കാരിക്കോ ഒരിക്കലുംതന്നെ മനഃസംതൃപ്തിയുണ്ടാവുകയില്ലല്ലോ. ആധുനിക സംസ്കാരം സൃഷ്ടിക്കുന്ന മനഃസംഘർഷത്തിൻെറ പ്രധാനപ്പെട്ട കാരണമിതാണ്. ഈ കാരണത്തെ കാണാതെയുള്ള ചികിത്സകളാണ് ഇന്ന് അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

മനുഷ്യമനസ്സുകളെ സംതൃപ്തമാക്കുവാനും സംഘർഷങ്ങളിൽനിന്ന് മുക്തമാക്കുവാനും ദൈവബോധത്തിനും പരലോക ചിന്തയ്ക്കും മാത്രമെ കഴിയൂ. ഈ ജീവിതം കേവലം ജീവിച്ചുതീർക്കുവാനുള്ളതല്ലെന്നും ഒരു മഹത്തായ ലക്ഷ്യത്തിനുവേണ്ടിയുള്ള കർമങ്ങളാണ് നാം ഇവിടെ നിർവഹിച്ചുകൊണ്ടിരിക്കുന്നത് എന്നും മനസ്സുകൾക്കകത്തെ ഓരോആന്ദോളനങ്ങളും സൂക്ഷ്മമായി അറിയാവുന്ന തമ്പുരാനാണ് ജീവിതലക്ഷ്യത്തിൻെറ പാതയിലെ നമ്മുടെകർമങ്ങൾ പരിശോധിക്കുന്നത് എന്നുമുള്ള ബോധം മനുഷ്യജീവിതത്തെ ആമൂലാഗ്രം സ്വാധീനിക്കുമെന്നുറപ്പാണ്. ഇവിടെവെച്ച് എന്ത് നേടിയെടുത്താലും അത് കേവലം നശ്വരമാണെന്നും അനശ്വരമായ ജീവിതത്തിനുവേണ്ടി ഇഹലോകജീവിതം പച്ചപിടിക്കുകയാണ് വേണ്ടതെന്നും കരുതുന്നവർക്ക് അഹങ്കരിക്കുവാനും അസൂയപ്പെടുവാനും അത്യാഗ്രഹിയാകുവാനും കഴിയുന്നതെങ്ങനെ?. കർമം ചെയ്യുവാൻ മാത്രമെ നമുക്ക് കഴിയൂവെന്നും ഫലം നൽകുന്നത് സർവ്വശക്തനാ

ണെന്നും ഇവിടെവെച്ച് നാം ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ലെങ്കിലും കർമങ്ങൾ ദൈവശാസനകൾ പ്രകാരമാണെങ്കിൽ അതിനുള്ള പ്രതിഫലം മരണാനന്തരം ലഭിക്കുമെന്നും ദൃഢമായി വിശ്വസിക്കുന്നവർ പ്രതിസന്ധികളിൽ തളരുകയും മനഃസംഘർഷങ്ങളുടെ അടിമകളായിത്തീരുകയും ചെയ്യുന്നതെങ്ങനെ?. ''ദൈവബോധത്തിനു മാത്രമെ മനുഷ്യമനസ്സുകളെ ശാന്തമാക്കാനാവൂ''എന്ന ഖുർആൻ പ്രസ്താവന; ഇസ്ലാമിക പ്രബോധകരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ള മേഖലയാണിതെന്ന് പറഞ്ഞുവല്ലൊ. ശാന്തി തേടുന്ന മനുഷ്യർക്ക് ഏകദൈവാരാധനയുടെയും പരലോക ബോധത്തിൻെറയും അടിസ്ഥാനത്തിൽ യഥാർത്ഥ ശാന്തിയെങ്ങനെ കണ്ടെത്താമെന്ന് പറഞ്ഞുകൊടുക്കേണ്ടവരാണ് പ്രബോധകന്മാർ. ജീവിതത്തിൻെറ വിവിധ രംഗങ്ങളിലെ പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ ദൈവവിശ്വാസവും പരലോക ബോധവും എങ്ങനെ നിമിത്തമാകുമെന്ന് സ്വന്തം ജീവിതത്തിലൂടെ വെളിപ്പെടുത്തേണ്ടവരാണവർ. മനുഷ്യജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകാമെന്നും അങ്ങനെയുണ്ടാവുമ്പോൾ ദൈവചിന്തയുൾക്കൊള്ളുകയും പ്രവാചക നിർദേശങ്ങൾ പാലിക്കുകയും ചെയ്തുകൊണ്ട് ബാക്കി സർവ്വശക്തനിൽ ഭരമേൽപിച്ചുകൊണ്ട് മനഃശാന്തി നേടിയെടുക്കാൻ- നേടുയെടുത്തുവെന്ന് വരുത്തിത്തീർക്കുവാനല്ല- നമുക്ക് കഴിയണം. അങ്ങനെ കഴിയുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസത്തിൽ എന്തൊക്കെയോ പാകപ്പിഴവുകളുണ്ടെന്ന് ഉൾക്കൊള്ളുവാനും അതെന്താണെന്ന് പരിശോധിച്ച് തിരുത്തുവാനും നാം സന്നദ്ധമാകണം. അപ്പോൾ മാത്രമെ സമൂഹത്തെ യഥാർത്ഥമായ മനഃശാന്തിയുടെ പാതയിലേക്ക് നയിക്കാൻ നമുക്ക് കഴിയൂ. അതിന് സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ)